# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.690

27.04.2017-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ ഭാഷകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്:** | **ശ്രീ.എ.കെ. ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി** |
| (എ) കേരളത്തിൽ ഒന്നിൽ കൂടുതൽ ഭാഷകൾ സംസാരിക്കുന്ന എത്ര പ്രദേശങ്ങളുണ്ട്; ആ പ്രദേശങ്ങളുടെ പേരും അവിടെ സംസാരിക്കുന്ന ഭാഷകളും വ്യക്തമാക്കാമോ; | (എ) കാസർകോഡ്, പാലക്കാട്, ഇടുക്കി, തിരുവനന്തപുരത്തിന്റെ തെക്കൻ ഭാഗങ്ങൾ തുടങ്ങി അന്യ സംസ്ഥാന അതിർത്തികൾ പങ്കിടുന്ന പ്രദേശങ്ങളിലെല്ലാം ഒന്നിലധികം ഭാഷകൾ സംസാരിക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ കന്നഡ, തുളു, ബ്യാരി ഭാഷ സംസാരിയ്ക്കുന്നവരും പാലക്കാട്, ഇടുക്കി, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ തമിഴ് സംസാരിയ്ക്കുന്നവരും എറണാകുളം ജില്ലയിൽ ഗുജറാത്തിയും കൊങ്കണിയും ഭാഷ സംസാരിയ്ക്കുന്ന ആളുകളും താമസിച്ച് വരുന്നുണ്ട്. ഈ പ്രദേശങ്ങളിൽ ഈ ഭാഷാ മാധ്യമ വിദ്യാലയങ്ങളും പ്രവർത്തിയ്ക്കുന്നുണ്ട്. |
| (ബി) കാസർകോട്, മഞ്ചേശ്വരം താലൂക്കുകളിൽ എത്ര ഭാഷകൾ സംസാരിക്കപ്പെടുന്നു എന്ന കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ എന്നു വ്യക്തമാക്കാമോ; | (ബി) കാസർകോഡ്, മഞ്ചേശ്വരം പ്രദേശങ്ങളിൽ മലയാളം കൂടാതെ കന്നഡ, തുളു, കൊങ്കിണി, ബ്യാരി തുടങ്ങിയ ഭാഷകളും പ്രചാരത്തിലുണ്ട്. |
| (സി) ഭാഷാ സംഗമ ഭൂമി എന്ന നിലയിൽ കാസർകോടിന്റെ സാംസ്കാരിക വളർച്ചയ്ക്ക് സർക്കാർ ഇതുവരെ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്നും ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്നും വിശദമാക്കാമോ; | (സി) ആറിലധികം ഭാഷകൾ ഒന്നിച്ച് പ്രചാരത്തിലുള്ള പ്രദേശമാണ് കാസർകോഡ്. ഒരർത്ഥത്തിൽ ഭാഷകളുടെ സംഗമഭൂമി എന്ന പേരിന് കാസർകോഡ് സർവ്വഥാ അർഹമാണ്. ഈ യാഥാർത്ഥ്യം കണക്കിലെടുത്തു കൊണ്ടാണ് തുളു അക്കാദമി രൂപീകരിച്ചിട്ടുള്ളത്. കാസർകോഡ് കന്നഡ കവി ഗോവിന്ദപൈസ്മാരകവും പ്രവർത്തിക്കുന്നുണ്ട്. |

| | |
|---|---|
| (ഡി) സപ്തസ്വരകേന്ദ്രം കാസർകോട് സ്ഥാപിക്കാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടോക്കൺ തുക നീക്കിവച്ചിരുന്നതിന്മേൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (ഡി) 2012 ലെ ബഹു. കേരള ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ കാസർഗോഡ് സപ്തസ്വര കേന്ദ്രം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ബജറ്റിൽ ടോക്കൺ തുക വകയിരുത്തിയിരുന്നില്ല. 2012 ലെ ബഹു. കേരള ഗവർണ്ണറുടെ നയപ്രഖ്യാപനത്തെത്തുടർന്ന് ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള സംഗീതനാടക അക്കാദമിയോട് ആവശ്യപ്പെട്ടുകയും അക്കാദമി 4,72,00,000/- രൂപയുടെ പ്രൊജക്ട് സമർപ്പിക്കുകയുമുണ്ടായി. എന്നാൽ ഇതിന്റെ തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. |

Indhu

**സെക്ഷൻ ഓഫീസർ**